**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3736** **27-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമകോർപ്പറേഷനുകൾ വഴി വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് കുറഞ്ഞപലിശനിരക്കിൽ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പഠനാവശ്യത്തിനായി വിദ്യാർത്ഥികൾ ബാങ്കുകൾ മുഖേന വായ്പ എടുക്കുന്നതിനു പകരം സംസ്ഥാനത്തു പ്രവർത്തിക്കുന്ന ക്ഷേമകോർപ്പറേഷനുകൾ വഴി ബാങ്കുകൾ നൽകുന്നതിനേക്കാൾ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നതിനുള്ള സംവിധാനം ആരംഭിക്കുന്നതിനെക്കുറിച്ചുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | നിലവിലെ പദ്ധതികൾ ചുവടെ ചേർക്കുന്നു; 1) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട യുവതീ യുവാൾക്ക് കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും ഉള്ള സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ്, മെഡിസിൻ, അഗ്രിക്കൾച്ചർ, ഫാർമസി, മാനേജ്മെന്റ് നേഴ്സിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് ഉന്നത വിദ്യാഭ്യാസം നേടുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പ നൽകുന്നുണ്ട്. സംസ്ഥാനത്തിനകത്തെ പ്രൊഫഷണൽ ബിരുദ/ ബിരുദാനന്തര പഠനത്തിന് വായ്പാ തുക പരമാവധി 2 ലക്ഷം രൂപയും മറ്റ് സംസ്ഥാനങ്ങളിലെ പഠനത്തിന് 4.00 ലക്ഷം രൂപയുമാണ്. വായ്പയുടെ പലിശ നിരക്ക് 6% വും തിരിച്ചടവ് കാലാവധി പഠനം കഴിഞ്ഞുള്ള 5 വർഷവുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 3.50 ലക്ഷം രൂപയാണ്. കൂടാതെ 'വിദേശ വിദ്യാഭ്യാസ വായ്പ പദ്ധതി'യിൻ കീഴിൽ വിദേശത്തുള്ള അംഗീകൃതവും നിശ്ചിത നിലവാരമുള്ള സർവ്വകലാശാലകളിലോ സ്ഥാപനങ്ങളിലോ വെച്ചുള്ള പ്രൊഫഷണൽ ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണം എന്നീ തലങ്ങളിലെ പഠനത്തിന് ഒരാൾക്ക് പരമാവധി 10.00 ലക്ഷം രൂപ വരെ വായ്പ നൽകുന്നതാണ്. വായ്പയുടെ പലിശ നിരക്ക് 5.00 ലക്ഷം രൂപ വരെ 6%വും അതിനു മുകളിൽ 10.00 ലക്ഷം രൂപ വരെ 8.5%വുമാണ്. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി 5.00 ലക്ഷം രൂപയാണ്. 2)കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ കോർപ്പറേഷനിൽ നിന്നും പഠനാവശ്യത്തിനായി വിദ്യാർത്ഥികൾക്ക് 4.5% പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപ |

വരെ ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യത്തിന്മേൽ വിദ്യാഭ്യാസ വായ്പയായി നൽകി വരുന്നുണ്ട്. 3)കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ(NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) യുടെ ഫണ്ട് ഉപയോഗിച്ച് മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച പ്രൊഫഷണൽ/ടെക്നിക്കൽ/ വൊക്കേഷണൽ കോഴ്സുകൾ ഇന്ത്യയ്ക്കകത്തും വിദേശത്തും പഠിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പ അനുവദിച്ച് വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഏജൻസി കുടുംബ വാർഷിക വരുമാനം പരമാവധി വായ്പാ തുക പലിശനിരക്ക് ഇന്ത്യയ്ക്കകത്ത് വിദേശത്ത് പെൺകുട്ടികൾക്ക്- 3.5% NBCFDC 3 ലക്ഷം രൂപയിൽ താഴെ 15ലക്ഷം 20ലക്ഷം ആൺകുട്ടികൾക്ക്- 4% കുടുംബ വാർഷിക വരുമാനമുളളവർക്ക് NMDFC ഗ്രാമങ്ങളിൽ 98,000/- രൂപയിലും, 15ലക്ഷം 20ലക്ഷം 3% (Credit line 1) നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് NMDFC(Credit 6 ലക്ഷം രൂപയിൽ താഴെ 20 ലക്ഷം 30 ലക്ഷം പെൺകുട്ടികൾക്ക് 5% line 11) കുടുംബ വാർഷിക ആൺകുട്ടികൾക്ക് 8% വരുമാനമുള്ളവർക്ക് ഇതിനു പുറമെ കോർപ്പറേഷന്റെ തനതു ഫണ്ടു ഉപയോഗിച്ച് പ്രൊഫഷണൽ/ടെക്നിക്കൽ/ വൊക്കേഷണൽ/ ഡിപ്ലോമ/ ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് കോഴ്സുകൾ ഇന്ത്യയ്ക്കകത്ത് പഠിക്കുന്നതിനായി പരമാവധി 3 ലക്ഷം രൂപ 6% പലിശ നിരക്കിൽ വിദ്യാശ്രീ എന്ന പേരിൽ വിദ്യാഭ്യാസ വായ്പയായി അനുവദിച്ച് വരുന്നു. വിദ്യാഭ്യാസ വായ്പയുടെ പ്രായപരിധി 16-32 വയസാണ്. 4) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ (കെ.എസ്.എം.ഡി.എഫ്.സി) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ പഠനാവശ്യത്തിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകി വരുന്നുണ്ട്. ആയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു വിദ്യാഭ്യാസ വായ്പ പദ്ധതികൾ നാഷണൽ മൈനോറിറ്റി ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ധനസഹായം വഴി നടപ്പിലാക്കുന്ന പദ്ധതികൾ: പദ്ധതി നിരക്ക് പരമാവധി തുക കാലാവധി പ്രത്യേക വ്യവസ്ഥകൾ

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസ വായ്പ 3% 20 ലക്ഷം (ഇന്ത്യയിൽ) 5 വർഷം കുടുംബ വാർഷിക വരുമാന (Credit Line 1) 20 ലക്ഷം (വിദേശ പഠനം) പരിധി 98,000/- (ഗ്രാമീണ മേഖല) 1,20,000/- (നഗര മേഖല) വിദ്യാഭ്യാസ വായ്പ സത്രീ 20 ലക്ഷം 5 വർഷം കുടുംബ വാർഷിക വരുമാന (Credit Line 2) 5% (ഇന്ത്യയിൽ) പരിധി 6 ലക്ഷം വരെ പുരുഷൻ 20 ലക്ഷം 8% (വിദേശ പഠനം) കെ.എസ്.എം.ഡി.എഫ്.സി പദ്ധതി പദ്ധതി നിരക്ക് പരമാവധി തുക കാലാവധി പ്രത്യേക വ്യവസ്ഥകൾ വിദ്യാഭ്യാസ വായ്പ 7% 15 ലക്ഷം 5 വർഷം വരുമാന പരിധി ബാധകമല്ല (Parent plus) |
| (ബി) | പ്രസ്തുത കോർപ്പറേഷനുകൾക്ക് ഇത്തരം പദ്ധതികൾക്കായി പലിശ സബ്സിഡി ഉൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ബി) | ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ